# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 872

03/12/2014 - ൽ മറുപടിക്ക്

### പൊന്നാന്നി മുതൽ തൃശ്ശൂർ ജില്ലാ അതിർത്തി വരെയുള്ള കുടുംബങ്ങൾക്ക് ശുദ്ധജലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പൊന്നാനി മണ്ഡലത്തിലൂടെ പോകുന്ന കനോലികനാ(പി.സി.കനാൽ)ലിന്റെ വെളിയങ്കോട്ടുള്ള ലോക്ക് പൂർണ്ണമായി തകർന്നതിനാൽ പൊന്നാനി മുതൽ തൃശ്ശൂർ ജില്ലാ അതിർത്തി വരെയുള്ള ആയിരത്തിൽപരം കുടുംബങ്ങൾക്ക് ശുദ്ധജലം ലഭ്യമല്ലാത്തതും കിണറുകളിൽ ഉപ്പുവെള്ളം കയറുന്നതു മൂലവുമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടുട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത പ്രവർത്തിക്കുള്ള വിശദമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ;<br><br>(സി) ഉണ്ടെങ്കിൽ അടിയന്തിരമായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ;<br><br>(ഡി) അടുത്ത ആർ.ഐ.ഡി.എഫ് സ്കീമിൽ ഈ പ്രവർത്തി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ ? | (ബി) (സി) (ഡി) പ്രസ്തുത പദ്ധതി NABARD (RIDF) Tranche XX ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും NABARD (RIDF) Tranche XX-ൽ ഉൾനാടൻ ജലഗതാഗത വകുപ്പിന് തുക ഒന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി മറ്റേതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ സാധിക്കുമോയെന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ